# പുതുവായന
# പുതുചിന്ത



എഡിറ്റർ- ഡോ.എസ്.ജയൻ

Malayalam Language
**Puthu vayana**
**Puthu chintha**
Study

Edited
Dr. S. Jayan
Right Reserved

Publishers Address :
N.Narayananunni Public Library
Nedumoncavu Post
Kollam (Dist), Kerala-691509

Printing :
Nisha Offset Press, Nedumoncavu .
Cover Design :
R.K.Graphics

First Published : july 2021
ISBN : 978-81-951841-4-9

© N.Narayananunni Public Library

No Parts of this Publication may be transmitted in any form or by any means, without prior written permission of the editor.

# ഉള്ളടക്കം

പുതുകവിതയിൽ അലയുന്ന നിഴൽരൂപങ്ങൾ 7
*ഡോ. എം. എസ്. സുചിത്ര*

മലയാള കവിതയിൽ പൊളിച്ചെഴുതപ്പെടുന്ന പെണ്ണിടങ്ങൾ 12
*ഡോ. സ്മിതാ പ്രകാശ്*

സാമൂഹിക പ്രതിഫലനം സന്തോഷ്
എച്ചിക്കാനത്തിന്റെ കഥകളിൽ 28
*രേഖ എസ്.*

മുല്ലപ്പൂനിറമുള്ള പകലുകളിലെ
ജ്ഞാനപരിസരവും ഇടപെടലുകളും 36
*ലിജു ടി. വർഗ്ഗീസ്*

തീവണ്ടിയാത്ര ഒരു ചരിത്രരേഖ 52
*ഡോ.. എസ് ജയൻ*

മാധ്യമ സംസ്കാരം സമകാലിക മലയാള ചെറുകഥയിൽ 62
*ആര്യാ രാജ് ആർ.*

മൃതിയുടെ സമവാക്യങ്ങൾ സുഭാഷ് ചന്ദ്രന്റെ കഥകളിൽ 68
*അശ്വനി മോഹൻ പി.*

പെൺമയുടെ ആത്മഭാഷണങ്ങൾ
വി.എം. ഗിരിജയുടെ കവിതകളിൽ 74
*ദിവ്യ എൽ.*

സ്വവർഗ്ഗാനുരാഗത്തിന്റെ തലങ്ങൾ ആസിഡ് എന്ന നോവലിൽ79
*രശ്മി കെ.*

പ്രതിനായകത്വത്തിന്റെ ദൈവീകത 87
*സരിത എസ്. എൽ*

അംബികാസുതൻ മാങ്ങാടിന്റെ കഥകളിലെ ടെലികോം 94
*ഷൈനി പി.*

വള്ളുവനാടൻ ജനസംസ്കാരം എം.ടി. തിരക്കഥകളിൽ 103
*തിങ്കൾ യു. എസ്*

ഉത്തരാധുനികതയും അതീത യാഥാർത്ഥ്യവും 114
*എസ്. ആർ. ഹരിത*

# പുതുകവിതയിൽ അലയുന്ന നിഴൽരൂപങ്ങൾ

ഡോ. എം.എസ്. സുചിത്ര

മനുഷ്യന്റെ ബുദ്ധിവ്യാപാരത്തിന് പിടിതരാതെ, പ്രവചനാതീതമായി നിലകൊള്ളുന്ന അമേയശക്തിവിശേഷമാണ് മരണം. വലിപ്പച്ചെറുപ്പമില്ലാതെ സമീപിക്കുന്ന ജ്വലിക്കുന്ന ഈ യാഥാർത്ഥ്യം വേദോപനിഷത്തുകളിലും ഇതിഹാസകൃതികളിലും പരാമർശവിധേയമായിട്ടുണ്ട്. വിചിത്രവും സങ്കീർണ്ണവുമായ മൃത്യുവിൽ നിന്നുള്ള അതിജീവനത്വരയുടെ ബഹിർസ്ഫുരണമാണ് വാസ്തവത്തിൽ സർഗകർമ്മം. ഓരോ എഴുത്തുകാരനും തന്റെ ശാശ്വതികത്വം അബോധപരമായി സ്ഥാപിച്ചെടുക്കാൻ പരിശ്രമിക്കുന്നതിന്റെ പരിണതിയാണ് ആവിഷ്കാരമെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ വ്യക്തമാണ്. അതുകൊണ്ടാണ് "മരണമെന്ന പദം നമ്മുടെ ശബ്ദകോശത്തലുണ്ടായിരുന്നില്ലെങ്കിൽ ലോകത്തിലെ മഹത്തായ സാഹിത്യസൃഷ്ടികൾ എഴുതപ്പെടാതിരിക്കുകയും പിരമിഡുകളും കത്തീഡ്രലുകളും നിർമ്മിക്കപ്പെടാതിരിക്കുകയും ചെയ്യുമായിരുന്നു"വെന്ന് ആർതർ കോസ്റ്റലർ അഭിപ്രായപ്പെട്ടത്. അനർഘവും അപാരവുമായ ജീവിതത്തിന്റെ അമൂല്യത നിർണ്ണയിക്കുന്നതും ജീവിതത്തെ ജീവിതവ്യമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതും മരണത്തിന്റെ നിറസാന്നിധ്യമാണ്.

ആദികവി മുതൽ സമകാല കവികൾ വരെ മൃത്യുവെന്ന പ്രഹേളികയെ തങ്ങളുടെ സർഗപ്രക്രിയയ്ക്ക് വിഷയമാക്കിയിട്ടുണ്ട്.

"മൃതി എത്രമേൽ സാധാരണം,
എത്രമേൽ ദുഃഖമയ-
മെത്രമേൽ മഹാത്ഭുതമെന്നറിയുന്നേൻ' (അമൃതംഗമയ - സുഗതകുമാരി) എന്നിങ്ങനെ മരണമൊരു ജൈവലയമാണ്; മരണം വരെ കരുതലോടെ കൊണ്ടുപോകേണ്ട അതിജീവനത്തിന്റെ സമസ്യയാണ് ജീവിതം എന്നു കരുതുന്നവരുടെ തലമുറയിൽ നിന്നും ഏറെ ഭിന്നമായ ചിന്താഗതിയാണ് പുതുതലമുറയ്ക്കുള്ളത്. വർത്തമാനകാലം ജീവിതത്തിന്റെ ഊടുംപാവുമായി കാണുന്ന തലമുറയ്ക്ക് ജീവിതം പൂർണ്ണവിരാമത്തിലെത്തുമ്പോൾ കൈവരിക്കാനുള്ളതാണ് അനശ്വരത എന്ന ധാരണ വിഡ്ഢിത്തം നിറഞ്ഞ സങ്കല്പമാണ്.